II. അടിയന്തിരപ്രമേയം

കേരളകൗമുദി ചീഫ് എഡിറ്റർ ശ്രീ. എം.എസ്. മണിയുടെ കാർ തട്ടിയെടുത്ത സംഭവം

[9.30 AM] മി. സ്പീക്കർ : 13.7.1999ന് ഗവൺമെന്റ് സെക്രട്ടേറിയറ്റിന് മുമ്പിൽവച്ച് കേരളകൗമുദിയുടെ ഒരു കോണ്ടസ കാറിന്റെ ഡ്രൈവറെ മർദ്ദിക്കുകയും, കാർ തട്ടിക്കൊണ്ടുപോവുകയും ചെയ്തതിനെത്തുടർന്ന് ഉളവായതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സർവ്വശ്രീ പാലോട് രവി, കെ.എം. മാണി, എ.വി. അബ്ദുറഹിമാൻ ഹാജി, ജോണി നെല്ലൂർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ ചട്ടം 50 അനുസരിച്ച് ഒരു നോട്ടീസ് നൽകിയിട്ടുണ്ട്

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, 13.7.1999-ന്, വൈകുന്നേരം 5.30-ന് കേരളകൗമുദി പത്രത്തിന്റെ ഉടമസ്ഥതയിലുള്ള KL - 01/L 9252 നമ്പർ കോണ്ടസ കാർ മൂന്നുപേരടങ്ങിയ ഒരു സംഘം തട്ടിയെടുത്ത സംഭവം ഉണ്ടായിട്ടുണ്ട്. തിരുവനന്തപുരത്ത് സ്റ്റാറ്റ്യൂവിൽനിന്ന് ജനറൽ ആശുപത്രി ഭാഗത്തേക്കു പോകുമ്പോൾ ട്യൂട്ടേഴ്സ് ലെയിൻ ജങ്ഷനിൽ വച്ചാണ് സംഭവമുണ്ടായത്. ട്രാഫിക് ബ്ലോക്കായതുകൊണ്ട് കാർ നിറുത്തിയ സമയത്ത് മൂന്നുപേർ ചേർന്ന് കാർ ഡ്രൈവറെ മർദ്ദിക്കുകയും കാർ തട്ടിയെടുക്കുകയും ചെയ്തുവെന്നാണ് ഡ്രൈവർ നൽകിയ പരാതിയിൽ പറയുന്നത്. ഇന്നലെ രാത്രി എട്ടുമണിയോടെ പ്രസ്തുത കാർ ശംഖുമുഖം ബീച്ചിൽവച്ച് പോലീസ് കണ്ടെടുക്കുകയുണ്ടായി. സംഭവം നടന്ന് രണ്ടുമണിക്കൂറിനകംതന്നെ കാർ കണ്ടെടുക്കാൻ വേണ്ട ഊർജ്ജിത നടപടികൾ പോലീസ് സ്വീകരിച്ചു. കന്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ ക്രൈം 94/99 നമ്പരായി ഒരു കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. വാഹനം വാങ്ങുന്നതിന് പണം കടം നൽകുന്ന മഹാരാഷ്ട്ര അപ്പെക്സ് എന്ന കമ്പനിയുടെ ആളുകളാണ് ഈ സംഭവത്തിനു പിന്നിലെന്നാണ് സൂചന ലഭിച്ചിട്ടുള്ളത്. പ്രസ്തുത കമ്പനിയുടെ ബന്ധപ്പെട്ട ഉദ്യോഗസ്ഥനെ പോലീസ് കസ്റ്റഡിയിലെടുത്ത് ചോദ്യം ചെയ്തുവരുന്നു. കേസ്സന്വേഷണം ത്വരിതപ്പെടുത്തുന്നതിന് തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇപ്പോൾ ഗുരുതരമായ സ്ഥിതിവിശേഷം നിലവിലില്ല. വാഹനം കണ്ടുപിടിക്കുന്നതിന് കാലതാമസം കൂടാതെ നടപടി സ്വീകരിക്കാൻ പോലീസിനു കഴിഞ്ഞു. പ്രതികളെ പിടികൂടുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

മി. സ്പീക്കർ : ഗുരുതരമായ സ്ഥിതിവിശേഷം ഇല്ല എന്നാണ് പറയുന്നത്. എന്നാലും ഒരു പത്ര ഉടമസ്ഥന്റെ വാഹനമായതുകൊണ്ടാണ് ഇത് ഉന്നയിക്കാൻ അനുവദിച്ചത്.

ശ്രീ. പാലോട് രവി : സർ, ഗുരുതരമായ സ്ഥിതിവിശേഷമായതുകൊണ്ടാണ് സഭാനടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യണമെന്ന് ഞങ്ങൾ ആവശ്യപ്പെടുന്നത്. തലസ്ഥാന നഗരിയെ അക്ഷരാർത്ഥത്തിൽ ഞെട്ടിച്ച ഒരു കൊലപാതക ശ്രമമാണ് ഇന്നലെ നടന്നത്. ഇതു നടന്ന സ്ഥലം എവിടെയാണ്? അങ്ങയുടെ ഓഫീസിൽ അങ്ങ് എഴുന്നേറ്റുനിന്ന് ജനാല തുറന്നാൽ കാണാവുന്ന സ്ഥലത്താണ്; പോലീസ് കൺട്രോൾ റൂമിൽ നിന്ന് വിളിപ്പാടകലെ.

LIBRARY ARCHIVES Kerala Legislative Assembly

പത്തടി അകലെ; ഈ സംഭവം നടക്കുന്ന സമയമേതാണ്? സെക്രട്ടേറിയറ്റ് വിട്ട് ആയിരക്കണക്കിന് ആളുകൾ ഒന്നിച്ചുകൂടുന്ന കവലയിൽ, സ്റ്റാറ്റ്യൂവിൽ അങ്ങയുടെ ഓഫീസിന്റെ മുന്നിൽ കേരളകൗമുദിയുടെ ചീഫ് എഡിറ്റർ ശ്രീ. എം.എസ്. മണിയുടെ കാറാണ് തട്ടിക്കൊണ്ടുപോയത്. കേരളകൗമുദി പത്രത്തിന്റെ കാറല്ല. കേരളകൗമുദി പത്രാധിപൻ ശ്രീ. എം.എസ്. മണി സഞ്ചരിക്കുന്ന കെ.എൽ. 01./L-9252-ാം നമ്പർ കാർ. തിരുവനന്തപുരത്തുള്ള സകല ഉദ്യോഗസ്ഥർക്കും ശ്രീ. എം.എസ്. മണി സഞ്ചരിക്കുന്ന കാർ അറിയാം. ശ്രീ. എം.എസ്. മണിയുടെ കോണ്ടസ കാർ സ്റ്റാറ്റ്യൂവിൽ രണ്ടുപേരെ ഇറക്കിവിട്ടിട്ട് മടങ്ങിപ്പോകുന്ന സമയത്താണ് സംഭവം നടക്കുന്നത്. അപ്പോൾ ട്രാഫിക് ബ്ലോക്കില്ല. അങ്ങേയ്ക്ക് പോലീസ് കുറിച്ചുതന്നത് തെറ്റാണ്. ഒരു വണ്ടി സ്റ്റാറ്റ്യൂവിൽ വന്ന് ഈ വണ്ടിയെ തട്ടുകയാണ് ചെയ്തത്. അതിൽ ശ്രീ. എം. എസ്. മണി ഉണ്ടോ എന്നൊന്നും ആർക്കും അറിയില്ല. വണ്ടി തട്ടിയ ഉടൻതന്നെ ഡ്രൈവർ വണ്ടി സ്റ്റോപ്പ് ചെയ്തിട്ട് പുറത്തിറങ്ങി. സ്റ്റാറ്റ്യൂവിൽ 5.30-ന് പതിനായിരക്കണക്കിന് ആളുകളുണ്ടാകും. ഡ്രൈവർ വണ്ടി നിർത്തിയ പ്പോൾത്തന്നെ നാലുപേർ പട്ടിയെ തല്ലുന്നതുപോലെ ഡ്രൈവറെ തല്ലുക യാണ് ചെയ്തത്. ഡ്രൈവറെ തല്ലി ഓടയിൽ വലിച്ചു നീക്കിയിട്ടിട്ട് താക്കോൽ എടുത്ത് ഈ വണ്ടി ഓടിച്ചു പോകുകയാണ് ചെയ്തത്. ഇതൊരു പൊളിറ്റി ക്കൽ ഇഷ്യൂ ആക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. 1-ാം നമ്പർ കാറിൽ സഞ്ചരി ക്കാൻ അങ്ങേയ്ക്ക് അവസരമുണ്ടാക്കിത്തന്ന പത്രം, ഞങ്ങൾ എതിർത്ത പത്രം, കേരളത്തിൽ അങ്ങേയ്ക്കുവേണ്ടി പ്രചാരവേല ചെയ്ത പത്രം, ആ പത്രത്തിന്റെ പത്രാധിപർ ശ്രീ. എം.എസ്. മണി വണ്ടിക്കകത്ത് ഉണ്ടായിരുന്നു വെങ്കിൽ എന്തായിരിക്കും സ്ഥിതി? ഇതുതന്നെ സംഭവിക്കും. ഇത് അങ്ങ് നിസ്സാരമായി കാണരുത്. കേരളത്തിൽ പട്ടാപ്പകൽ അങ്ങയുടെ ഓഫീസിനു മുമ്പിൽ നടന്ന സംഭവം നിസ്സാരമായി കാണരുത്. തലസ്ഥാന നഗരിയിൽ സൈരജീവിതം നഷ്ടപ്പെട്ടു എന്നുള്ളതിന് ഇതിനേക്കാൾ വലിയ ഉദാഹ രണം ആവശ്യമുണ്ടോ? ഈ ഗവൺമെന്റിനെ സപ്പോർട്ട് ചെയ്യുന്ന പത്രം എന്ന തിനപ്പുറം ഞാൻ രണ്ടു സംഭവങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. അങ്ങയെ എല്ലാ രംഗത്തും സപ്പോർട്ട് ചെയ്യുന്ന ആളാണല്ലോ ശ്രീ. പി. ഗോവിന്ദപ്പിള്ള. ശ്രീ. പി. ഗോവിന്ദപ്പിള്ള ഒരുദിവസം രാവിലെ ട്രെയിനിൽ കയ റാൻ പോയപ്പോൾ അദ്ദേഹത്തെ കത്തി കാണിച്ച് തടഞ്ഞുനിർത്തി ബാഗ് പിടിച്ചുവാങ്ങിച്ചുകൊണ്ടുപോയി. മറ്റൊരു പത്രാധിപരാണല്ലോ ശ്രീ. പി. ഗോവിന്ദപ്പിള്ള. അതിനുശേഷമാണ് ശ്രീ. എം.എസ്. മണി സഞ്ചരിക്കുന്ന, സ്ഥിരമായി ഉപയോഗിക്കുന്ന വണ്ടിയിൽ ഈ ആക്രമണമുണ്ടായത്. എറണാ കുളത്ത് ഇതുപോലെ കാർ തട്ടിയെടുത്ത സംഭവത്തിൽ രണ്ടുപേർ മരിച്ചു. ഈ സംസ്ഥാനത്ത് മുഴുവനും കൊടുങ്കാറ്റുണ്ടാക്കിയ സംഭവമാണ് അത്. അന്ന് മാനേജരെ പിടിച്ചു, ഉദ്യോഗസ്ഥരെ പിടിച്ചു, ഈ മാഫിയാ സംഘത്തെ പിടിച്ചു. എന്തുണ്ടായി? ഒന്നുമുണ്ടായില്ല. കന്റോൺമെന്റ് പോലീസ് സ്റ്റേഷന്റെ മുമ്പിൽ ഈ സംഭവം നടക്കുമ്പോൾ..... മാഫിയ സംഘം എന്നു പറയുന്ന തിൽ ഒട്ടനവധി നിഗൂഢതകളുണ്ട്. അങ്ങ് അതിനെക്കുറിച്ച് അന്വേഷിക്കണം. പോലീസ് പറഞ്ഞത് അങ്ങ് കേൾക്കരുത്. ഇതിൽ ഒട്ടനവധി നിഗൂഢതക ളുണ്ട്. പ്രതികളെയൊന്നും അറസ്റ്റ് ചെയ്തിട്ടില്ല. ഈ വണ്ടി നേരെ ശംഖുമു ഖത്ത് കൊണ്ടുചെന്ന് കളഞ്ഞിട്ടുപോയി. അവിടെനിന്ന് ടെലിഫോൺ കാൾ വന്നതിന്റെ അടിസ്ഥാനത്തിൽ പോലീസ് പോയി വണ്ടി എടുത്തുകൊണ്ടുവരി കയാണ് ചെയ്തത്. ഡ്രൈവറെ ആക്രമിച്ചവരെയും മാഫിയാ സംഘത്തിലെ ഒരാളിനേപ്പോലും പോലീസ് ഇതുവരെ അറസ്റ്റ് ചെയ്തിട്ടില്ല. മാത്രമല്ല ഈ

LIBRARY ARCHIVES Kerala Legislative Assembly

മാഫിയാ സംഘത്തിന്റെ കൈയിലാണ് തിരുവനന്തപുരം നഗരം. ഗോവയിൽ എന്തുണ്ടായി? മാറിമാറിവന്ന ജനകീയ ഗവൺമെന്റുകൾക്ക് മാഫിയാ സംഘത്തെ അമർച്ച ചെയ്യാൻ കഴിയാത്ത സാഹചര്യത്തിൽ ഗോവയിൽ നിയമം കൊണ്ടുവന്നു. എന്ത് നിയമം? സ്വകാര്യ ഏജൻസികൾ അമിത പണം വാങ്ങി കാറുകൾക്ക് ലോൺ കൊടുക്കുന്നത് തടഞ്ഞുകൊണ്ട് നിയമം കൊണ്ടുവന്നു. എന്നിട്ട് വളരെ ഉദാരമായി ബാങ്കുകളിൽനിന്ന് ലോൺ കൊടുക്കാൻ തീരുമാനമെടുത്തു. അതിനെ ഇതുമായി ഉപമിക്കുന്നത് ശരിയല്ല. അതാണ് ഇതിൽ നിഗൂഢതയുണ്ടെന്ന് പറയുന്നത്. ഇന്നത്തെ പത്രത്തിൽ ഒരു വാർത്തയുണ്ട്. അങ്ങ് ഇക്കാര്യം വളരെ ഗൗരവമായി കാണണം. ശ്രീ. എം. എസ്. മണിയുടെ കാറിന് സി.സി.യുണ്ടോ? ബാങ്ക് സി.സി.യില്ല. പ്രൈവറ്റ് ഏജന്റ്സ് സി.സി.യുമില്ല. അങ്ങയോട് ഞാൻ വളരെ വിനയത്തോടെ ചോദിക്കട്ടെ, കഴിഞ്ഞ ഒരു മാസക്കാലമായി കേരളത്തിൽ അഡ്വക്കേറ്റ് ജനറലിനെതിരായി വാർത്ത പ്രസിദ്ധീകരിക്കുന്ന പത്രമാണ് ശ്രീ. എം.എസ് മണിയുടെ പത്രം. അങ്ങ് വിസ്മരിക്കരുത്. ഇന്ന് അങ്ങ് പത്രം കണ്ടില്ലേ? ഇന്നത്തെ പത്രത്തിൽ ശ്രീ. മണി തന്നെ പറഞ്ഞിട്ടുണ്ട്. അങ്ങയെ നാണംകെടുത്താതിരിക്കാനാണ് കേരളകൗമുദി പത്രം ഇത്തരത്തിൽ ഒരു വാർത്ത കൊടുത്തത്. അതിൽപ്പോലും ഒരു പത്രത്തിന്റെ മര്യാദ കാണിച്ച പത്രമാണ്. എന്താണ് ഇന്നത്തെ പത്രത്തിൽ വന്നിരിക്കുന്ന വാർത്ത? 'ശ്രീ. എം.എസ്. മണിക്ക് എതിരെ ഹൈക്കോടതിയിൽ കേസ്സ്'. അങ്ങ് വായിച്ചോ; കേരളകൗമുദി പത്രത്തിൽ കൊടുത്തിട്ടുണ്ട്. അഡ്വക്കേറ്റ് ജനറലിനെതിരെ ഈ പത്രത്തിൽ വാർത്ത പ്രസിദ്ധീകരിച്ചതിന് ശ്രീ. എം.എസ്. മണിക്കും അദ്ദേഹത്തിന്റെ അനുജൻ ശ്രീ. എം.എസ്. രവിക്കും എതിരെ കോടതിയിൽ കേസ്സ്. കോടതി അവരെ ഹാജരാക്കുവാൻ പറഞ്ഞിരിക്കുകയാണ്. മണിയുടെ വണ്ടി സി.സി. ഇല്ലാത്ത വണ്ടിയാണെന്ന് എല്ലാപേർക്കും അറിയാം. അങ്ങയെ അധികാരത്തിൽ കൊണ്ടുവരുന്നതിന്, ഇടതുപക്ഷ ജനാധിപത്യമുന്നണിയെ അധികാരത്തിൽ കൊണ്ടുവരുന്നതിന് ആത്മാർത്ഥമായി ശ്രമിച്ച പത്രമാണ് കേരളകൗമുദി. ഇത് വളരെ ഗൗരവമുള്ള കാര്യമാണ്. സിറ്റി പോലീസ് കമ്മിഷണറും, കന്റോൺമെന്റ് സ്റ്റേഷൻ കമ്മീഷണറുമാണ് ഇത് അന്വേഷിക്കേണ്ടത്. ഒരു കൊലപാതക ശ്രമമാണ്. ഇത് വളരെ ഗൗരവമായി അങ്ങ് കാണണം. അങ്ങയെ ആക്ഷേപിക്കുവാൻ പറഞ്ഞതല്ല. ഈ സംസ്ഥാനം വളരെ ഗൗരവത്തോടെ കാണുന്ന സംഭവമാണ്. കേരളകൗമുദി പത്രാധിപർ 24 മണിക്കൂറും സഞ്ചരിക്കുന്ന വണ്ടി, തിരുവനന്തപുരത്തുള്ളവർക്ക് അറിയാവുന്ന വണ്ടി, പോലീസ് ഉദ്യോഗസ്ഥർക്ക് മുഴുവൻ അറിയാവുന്ന വണ്ടി ഒരു മാഫിയാ സംഘം ആക്രമിച്ച് അദ്ദേഹത്തെ കൊലപ്പെടുത്തുവാൻ ശ്രമിച്ചു എന്നു പറഞ്ഞാൽ ഇത് സംബന്ധിച്ച് ജുഡീഷ്യൽ എൻക്വയറി ഉണ്ടാകണം. പോലീസിന്റെ നടപടിയോട് യോജിപ്പില്ല. പോലീസിന്റെ ഒത്താശയോടെയാണ് ഇത് നടത്തിയിരിക്കുന്നത്. അതുകൊണ്ട് ഗുരുതരമായ ഈ സംഭവത്തെക്കുറിച്ച് അന്വേഷിക്കുവാൻ ഈ സഭ നിർത്തിവച്ച് ചർച്ച ചെയ്യണം. അങ്ങേയ്ക്ക് അറിയാമല്ലോ എക്സിക്യൂട്ടീവും ജുഡീഷ്യറിയും പത്രവും ഇല്ലെങ്കിൽ ജനാധിപത്യമില്ല. ഇത് ജനാധിപത്യത്തെ കശാപ്പ് ചെയ്യുന്നതിന്റെ ഭാഗമാണ്. ജനാധിപത്യത്തെ കശാപ്പു ചെയ്യുന്നതിന്റെ ഭാഗമായി, കേരളത്തിലെ ഉന്നതമായ പത്രത്തിന്റെ ചീഫ് എഡിറ്ററെ വകവരുത്തുവാൻ ശ്രമിച്ചതിന്റെ ഭാഗമായി അങ്ങ് ഇത് കാണണം. കേരളത്തിലെ സൈരജീവിതം നഷ്ടപ്പെടും എന്നുള്ളതിന് ഏറ്റവും നല്ല ഉദാഹരണമായി ഇത് കണ്ടുകൊണ്ട് ഇത് സംബന്ധിച്ച് ജുഡീഷ്യൽ അന്വേഷണം നടത്തുവാൻ അങ്ങ് തയ്യാറാകണമെന്ന് വിനയത്തോടെ

LIBRARY ARCHIVES Kerala Legislative Assembly

അഭ്യർത്ഥിക്കുന്നു. സഭാനടപടികൾ നിർത്തിവച്ച് ഇക്കാര്യം ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സർ, ട്രാഫിക് ബ്ലോക്കിൽപ്പെട്ട് കാറ് നിർത്തിയപ്പോഴാണ് തന്നെ മർദ്ദിച്ച് കാർ തട്ടിയെടുത്തതെന്നാണ് ഡ്രൈവർ വാമദേവൻ കൊടുത്ത പരാതിയിൽ പറഞ്ഞിട്ടുള്ളത്. വാഹനം വാങ്ങുവാൻ പണം കടം നൽകുന്നവർ നിയമാനുസരണം മാത്രമേ പ്രവർത്തിക്കുവാൻ അനുവദിക്കുകയുള്ളൂ. നിയമം കൈയിലെടുക്കുവാൻ നടത്തുന്ന ശ്രമങ്ങൾക്കെതിരെ കർശനമായ നടപടി സ്വീകരിക്കുന്നതാണ്.

മി. സ്പീക്കർ : ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയുടെ വെളിച്ചത്തിൽ അടിയന്തിര പ്രമേയാവതരണത്തിനുള്ള അനുമതി നിഷേധിക്കുന്നു.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

III. ശ്രദ്ധക്ഷണിക്കൽ

(1) പത്തനംതിട്ട ജില്ലയിൽ നിർദ്ദിഷ്ട സ്പെഷ്യൽ സ്റ്റേറ്റ് കൃഷിഫാം ആരംഭിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. അടൂർ പ്രകാശ് : നമ്മുടെ സംസ്ഥാനത്ത് ഒരു സ്പെഷ്യൽ കൃഷിഫാം തുടങ്ങേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാണിക്കുവാനും അക്കാര്യത്തിൽ ഗവൺമെന്റ് അടിയന്തിരമായി നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നതിനും വേണ്ടിയാണ് ഈ ശ്രദ്ധക്ഷണിക്കൽ ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്. സംസ്ഥാനത്ത് ഒരു സ്പെഷ്യൽ കൃഷിഫാം ആരംഭിക്കുകയെന്ന ആശയം അന്തരിച്ച മുൻകൃഷി വകുപ്പുമന്ത്രി വി.കെ. രാജന്റേതാണ്. ഈ കൃഷിഫാം ആരംഭിക്കുന്നതുകൊണ്ട് നമുക്ക് ഉണ്ടാക്കുവാൻ കഴിയുന്ന നേട്ടങ്ങൾ അനവധിയാണ്. ഇന്ന് കാർഷികരംഗത്ത് ഉണ്ടായിരിക്കുന്ന മുരടിപ്പ് പലതരത്തിലാണ്. കർഷകർക്ക് കൃഷിയോടുള്ള ആഭിമുഖ്യം കുറഞ്ഞുവരികയാണ്. കൃഷിയുടെ ഉല്പാദനച്ചെലവ് കർഷകർക്ക് താങ്ങുവാൻ കഴിയാത്ത തരത്തിലായിരിക്കുന്നു. വിളകൾക്ക് ന്യായമായ വില കിട്ടുന്നില്ല. ചെലവ് അനുസരിച്ച് ഉല്പാദനം വർദ്ധിപ്പിക്കുവാൻ കഴിയുന്നില്ല. അതിന് കാരണം നല്ലയിനം വിത്തും തൈകളും ലഭിക്കാത്തതാണ്. നമ്മുടെ സംസ്ഥാനത്തെ ഫാമുകളിൽ ഉല്പാദിപ്പിക്കുന്ന വിത്തുകളും തൈകളും ആവശ്യാനുസരണം കർഷകന് ലഭ്യമാക്കുന്ന സ്ഥിതിയില്ല. അതുകൊണ്ട് കൃഷിക്കാർക്ക് വിത്തും തൈകളും ലഭ്യമാക്കുന്നതിനുവേണ്ടി പ്രൈവറ്റ് ഡീലേഴ്സിന്റെ സഹായം തേടേണ്ടിവരുന്നു. അവർ കൊടുക്കുന്ന വിത്തും തൈകളും ഗുണനിലവാരം വളരെ കുറഞ്ഞതാണെന്ന് പലപ്പോഴും ആക്ഷേപങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നു. കൃഷി ഡിപ്പാർട്ടുമെന്റിൽനിന്നും കാലാകാലങ്ങളിൽ വിതരണം ചെയ്യുന്ന വിത്തും തൈകളുമൊക്കെ പലപ്പോഴും മുളയ്ക്കുന്നില്ല, തൈകൾ മുളയ്ക്കുന്നില്ല എന്ന ആക്ഷേപം പത്രത്തിൽക്കൂടി ദൈനംദിനം വന്നുകൊണ്ടിരിക്കുന്നു. കാർഷികോൽപ്പാദനരംഗത്ത് തകർച്ച ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഇതിന് പരിഹാരം എന്ന നിലയ്ക്കാണ് സംസ്ഥാനത്ത് സ്പെഷ്യൽ കൃഷിഫാം തുടങ്ങണമെന്ന തീരുമാനം കൈക്കൊണ്ടത് എന്നാണ് ഞാൻ വിശ്വസിക്കുന്നത്. പത്തനംതിട്ട ജില്ലയിൽ എന്റെ നിയോജകമണ്ഡലത്തിൽത്തന്നെ ഒരു പ്രദേശത്ത് ഇത് തുടങ്ങുന്നതിനുവേണ്ടിയുള്ള ഏർപ്പാടുകൾ ഉണ്ടാക്കിക്കഴിഞ്ഞിരിക്കുന്നു. പ്ലാന്റേഷൻ കോർപ്പറേഷന്റെ ചന്ദനപ്പള്ളി എസ്റ്റേറ്റിലെ 'ഇ' ഡിവിഷനിൽ തരിശായി കിടന്ന 100 ഏക്കറോളം

LIBRARY ARCHIVES Kerala Legislative Assembly